4813
12/3/19

കേരള സർക്കാർ

പൊതു ഭരണ (സർവീസസ്-എച്ച്) വകുപ്പ്

തിരുവനന്തപുരം
തീയതി 02/03/2019

നമ്പർ.എസ്.എച്ച്/77/2018/പൊ.ഭ.വ

**<u>നോട്ടീസ്</u>**

വിഷയം:- പൊതുഭരണ വകുപ്പ് - ജീവനക്കാര്യം- പൊതുഭരണ വകുപ്പിലെ ക്ലറിക്കൽ അസിസ്റ്റന്റായ ശ്രീ.നൗഷാദ്.പി.എം-ന്റെ അനധികൃത ഹാജരില്ലായ്മ - കഠിന ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി - സംബന്ധിച്ച്

സൂചന:- 1) 15.09.2018 -ലെ ഇതേ നമ്പർ കുറ്റാരോപണ മെമ്മോയും പത്രികയും
2) 07.11.2018 -ലെ ഇതേ നമ്പർ കുറ്റാരോപണ മെമ്മോം പത്രികയും
3) 29.12.2018 -ലെ സ.ഉ (സാധാ)നം.8469/2018/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്

പൊതു ഭരണ വകുപ്പിൽ ക്ലറിക്കൽ അസിസ്റ്റന്റായി സേവനമനുഷ്ഠിച്ച് വരവേ അധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്ന ശ്രീ.നൗഷാദ്.പി.എം എന്ന താങ്കൾക്കെതിരെ കഠിന ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി സ്വീകരിക്കുവാൻ തീരുമാനിക്കുകയും അതിന്റെ ഭാഗമായി സൂചന (1) പ്രകാരം കുറ്റാരോപണ മെമ്മോയും പത്രികയും നൽകുകയും 15 ദിവസത്തിനുള്ളിൽ പ്രതിവാദ പത്രിക സമർപ്പിക്കേണ്ടതാണ് എന്ന നിർദ്ദേശം നൽകുകയും ചെയ്തിരുന്നുവെങ്കിലും ആയത് സമർപ്പിക്കുകയോ ഈ വകുപ്പുമായി യാതൊരുവിധത്തിലും ബന്ധപ്പെടുകയോ ചെയ്യുകയുണ്ടായില്ല. തുടർന്ന് സൂചന (2) പ്രകാരം കുറ്റാരോപണ മെമ്മോയും പത്രകയും പ്രമുഖ മലയാള ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും, താങ്കളെ സർവീസിൽ നിന്നും പിരിച്ചു വിടാതിരിക്കാൻ കരണമുണ്ടെങ്കിൽ രേഖാമൂലം ബോധിപ്പിക്കണം എന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു എങ്കിലും താങ്കളിൽ നിന്നും യാതൊരുവിധത്തിലുമുള്ള മറുപടിയും ലഭിച്ചിട്ടില്ലാത്തതാകുന്നു. ടി സാഹചര്യത്തിൽ താങ്കൾക്കെതിരെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സൂചന (3) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥയായി പൊതു ഭരണ (സർവ്വീസസ്-എച്ച്/ സി) വകുപ്പ് അണ്ടർ സെക്രട്ടറി ശ്രീമതി.അനിത.വി.കെ -യെ നിയമിച്ച് ഉത്തരവായിരിക്കുന്നു.

അന്വേഷണ ഉദ്യോഗസ്ഥയായ ശ്രീമതി.അനിത.വി.കെ 15.03.2019 -ന് രാവിലെ 11.30 A.M -ന് സെക്രട്ടറിയേറ്റ് നോർത്ത് ബ്ലോക്ക് രണ്ടാംനില, റൂം നമ്പർ 136-ൽ വച്ച് താങ്കളെ നേരിൽ കേൾക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത ഹിയറിംഗിൽ താങ്കൾ കൃത്യസമയത്ത് പങ്കെടുക്കേണ്ടതും തദ്ദവസരത്തിൽ ഉന്നയിക്കുന്ന ആക്ഷേപങ്ങൾ, പ്രതിവാദങ്ങൾ എന്നിവ രേഖാമൂലം നേരിൽ കേൾക്കുന്ന ഉദ്യോഗസ്ഥയെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

B R YAMUNA
ADDITIONAL SECRETARY

ശ്രീ.നൗഷാദ്.പി.എം (ക്ലറിക്കൽ അസിസ്റ്റന്റ്- ഗ്രേഡ്I),
പുത്തൻ വീട്ടിൽ, എടക്കുന്നം, കാഞ്ഞിരപ്പള്ളി, കോട്ടയം- പിൻ-686 512